**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** — **04-02-2026 - ൽ മറുപടിയ്ക്ക്**

**നാഷണൽ സർവീസ് സ്കീമിന്റെ വൈവിധ്യമാർന്ന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാഷണൽ സർവീസ് സ്കീം ഏറ്റെടുത്ത് നടപ്പിലാക്കിയ വൈവിധ്യമാർന്ന പരിപാടി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാഷണൽ സർവ്വീസ് സ്കീം വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.<br><br>വിവിധ യൂണിവേഴ്സിറ്റികൾ / ഡയറക്ടറേറ്റുകൾ വഴി എൻ.എസ്.എസ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രധാനപരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>ലൈഫ് ഈസ് ബ്യൂട്ടിഫുൾ - ആസാദ് സേന (ലഹരി വിരുദ്ധ കർമ്മസേന)<br><br>യുവജാഗരൺ (എയ്ഡ്ഡ് ബോധവൽക്കരണം)<br><br>ഫിനിക്സ് പ്രോജക്ട് (ആസ്തികളുടെ പുനരുജ്ജീവനവും അറ്റകുറ്റ പണികളും സന്നദ്ധപ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുന്നു.)<br><br>സ്നേഹാരാമങ്ങൾ (മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കി ഉദ്യാനങ്ങൾ നിർമ്മിക്കുന്ന പദ്ധതി.)<br><br>സ്നേഹവീടുകൾ (നിർദ്ധന കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നു.)<br><br>ഫ്രീഡം വാൾ (ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട്)<br><br>മാനസഗ്രാമം (മാതൃകാ ഗ്രാമം വികസന പദ്ധതി)<br><br>സായന്തനം പദ്ധതി (വയോജന സൗഹൃദ ക്ലബ്)<br><br>സുകൃതം പദ്ധതി (വിശേഷസേവന കേന്ദ്രത്തെ ദത്തെടുക്കുന്ന പദ്ധതി)<br><br>വിജ്ഞാനകേരളം (സംസ്ഥാനത്തെ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ നൽകുന്നു.)** |

<table>
<tr><td></td><td></td><td></td><td>ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് (ഡിസാസ്റ്റർ മാനേജ്മെന്റിൽ എൻ.എസ്.എസ് വോളന്റിയേഴ്സിന് പരിശീലനം നൽകുന്നു.<br><br>മേൽപ്പറഞ്ഞ പ്രധാന പദ്ധതികൾ കൂടാതെ വി കെയർ, യു..ഡി.ഐ.ഡി കാർഡ്, നിയമസാക്ഷരത, ഉപഭോക്തൃ ബോധവൽക്കരണം, ഡിജിറ്റൽ ലിറ്ററസി ക്യാമ്പയിൻ, ക്ലീൻ ഇന്ത്യ ക്ലീൻ കേരള, ഞങ്ങളും കൃഷിയിലേയ്ക്ക്, പാലിയേറ്റീവ് കെയർ, ജെൻഡർ ന്യൂട്രാലിറ്റി പ്രോഗ്രാം, ജൈവ വൈവിധ്യ ഉദ്യാനങ്ങൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധന കുടുംബങ്ങൾക്ക് സ്നേഹവീടുകൾ എന്ന പേരിൽ നിർമ്മിച്ച് നൽകിയ വീടുകളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>ഓരോ യൂണിവേഴ്സിറ്റിക്ക് /ഡയറക്ടറേറ്റിന് കീഴിൽ എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധന കുടുംബങ്ങൾക്ക് പല ജില്ലകളിലായി 860 സ്നേഹവീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>യൂണിവേഴ്സിറ്റി/ഡയറക്ടറേറ്റ്</th><th>വീടുകളുടെ എണ്ണം</th></tr>
<tr><td>1</td><td>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</td><td>322</td></tr>
<tr><td>2</td><td>അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല</td><td>74</td></tr>
<tr><td>3</td><td>കാലിക്കറ്റ് യൂണിവേഴ്സിറ്റി</td><td>72</td></tr>
<tr><td>4</td><td>കേരള സർവ്വകലാശാല</td><td>74</td></tr>
<tr><td>5</td><td>കുസാറ്റ്</td><td>1</td></tr>
<tr><td>6</td><td>ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി</td><td>1</td></tr>
<tr><td>7</td><td>ടെക്നിക്കൽ സെൽ</td><td>55</td></tr>
<tr><td>8</td><td>വി.എച്ച്.എസ്.ഇ</td><td>7</td></tr>
<tr><td>9</td><td>എ.റ്റി.ഡി</td><td>1</td></tr>
<tr><td>10</td><td>ഹയർ സെക്കന്ററി</td><td>241</td></tr>
<tr><td>11</td><td>ഐ.എച്ച്.ആർ.ഡി</td><td>12</td></tr>
<tr><td></td><td>ആകെ</td><td>860</td></tr>
</table>
<br>വയനാട് മുണ്ടക്കൈ-ചൂരൽമല എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനായി നാഷണൽ സർവ്വീസ് സ്കീം സമാഹരിച്ച 4,38,88,765/- രൂപ വയനാട് ടൗൺഷിപ്പ് പ്രോജക്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് സമാഹരിച്ച 7,08,123/- രൂപ വയനാട് ടൗൺഷിപ്പ് പ്രോജക്ടിലേയ്ക്ക് എൻ.എസ്.എസ്. താമസംവിനാ കൈമാറുന്നതാണ്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ എൻ.എസ്.എസ്. യൂണിറ്റുകളുടെ പദ്ധതിയായ സ്നേഹാരാമങ്ങൾക്ക് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>മാലിന്യമുക്തം നവകേരളം പരിപാടിയുടെ ഭാഗമായി പൊതു ഇടങ്ങളിൽ മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന ഓഫീസിന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിയ കർമ്മ പരിപാടിയാണ് "സ്നേഹാരാമം". മാലിന്യങ്ങൾ വലിച്ചെറിയുന്നതും, മാലിന്യ നിക്ഷേപ സ്ഥലങ്ങളും, ഓരോ എൻ.എസ്.എസ് യൂണിറ്റും ദത്തെടുത്ത് അവയെ മാലിന്യമുക്ത കേന്ദ്രങ്ങളാക്കി മാറ്റി സ്ഥിരമായി സംരക്ഷിക്കുന്ന പദ്ധതിയാണ് സ്നേഹാരാമങ്ങൾ. 3000 സ്ഥലങ്ങൾ എൻ.എസ്.എസ്. യൂണിറ്റുകൾ ഏറ്റെടുത്ത്, അവയെ പാർക്കുകൾ, പൂന്തോട്ടങ്ങൾ, കുട്ടികളുടെ കളിസ്ഥലം, വെയിറ്റിംഗ് ഷെഡുകൾ, പ്രത്യേക ഇരിപ്പിടങ്ങൾ എന്നിവ ആക്കി മാറ്റി. സംസ്ഥാനത്തെ 3500 എൻ.എസ്.എസ്. യൂണിറ്റുകളും, 3,50,000 വോളന്റീയേഴ്സും 3500 അദ്ധ്യാപകരും ഈ പദ്ധതിയുടെ ഭാഗമായി മാറി.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ എൻ.എസ്.എസ്. യൂണിറ്റുകളുടെ പദ്ധതിയായ സ്നേഹാരാമങ്ങൾക്ക് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (ഡി) | ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് സർവകലാശാലകളിലും കലാലയങ്ങളിലും എൻ.എസ്.എസ്. നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ഡി) | ആസാദി കാ അമൃത് മഹോത്സവവുമായി ബന്ധപ്പെട്ട കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി കാമ്പസുകളിലും പ്രാദേശിക സ്വാതന്ത്ര്യ സമര ചരിത്രത്തെയും സംസ്കാരത്തെയും ചിത്രീകരിക്കുന്ന ഫ്രീഡം വാൾ ഒരുക്കുകയും വീടുകളിലും കാമ്പസുകളിലും ഫ്ലാഗ് അവെയർനെസ് സംഘടിപ്പിക്കുകയും സംസ്ഥാന തലത്തിൽ വോളന്റിയർമാരുടെ സർഗോത്സവം സംഘടിപ്പിക്കുകയും ചെയ്തു.<br><br>ഇൻഡോർ പോസ്റ്റർ മേക്കിങ് മത്സരം, ഹർ ഘർ തിരംഗ, ദേശീയ ക്വിസ്, ഉപന്യാസ രചന, ചിത്ര രചന മത്സരങ്ങൾ, ബോധവൽക്കരണ കാമ്പയിനുകൾ ആരോഗ്യവും ഫിറ്റ്നസ്സും പ്രോത്സാഹിപ്പി ക്കുന്ന സൈക്കിൾ റാലി, ബോധവൽക്കരണ ഓട്ടം, പതാക റാലികൾ എന്നിവ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി.<br>സ്വാതന്ത്ര്യ സമര വിവരണങ്ങളെക്കുറിച്ചുള്ള പ്രദർശനങ്ങൾ, ചരിത്രകാരൻമാരുടെ പ്രഭാഷണങ്ങൾ സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള പാനൽ ചർച്ചകൾ, നവീകരണം, സംരംഭകത്വം, സാമൂഹിക സേവനം എന്നിവ ഉയർത്തിക്കാട്ടുന്ന യുവാക്കൾ നയിക്കുന്ന സംരംഭങ്ങൾ എന്നിവ സംഘടിപ്പിച്ചു.<br>ദേശീയ നായകൻമാരുടെ അനുസ്മരണത്തിനും, |

| | | | |
|---|---|---|---|
| | | | ഭരണഘടനാ മൂല്യങ്ങളുടെ പ്രചാരണത്തിനും, വർക്ക്ഷോപ്പുകളിലൂടെയും പരിശീലന ക്യാമ്പുകളിലൂടേയും നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>ഇന്ത്യയുടെ ജനാധിപത്യ ആദർശങ്ങളേയും സുസ്ഥിര വികസന ലക്ഷ്യങ്ങളേയും കുറിച്ചുള്ള ഗ്രാഹ്യം വർദ്ധിപ്പിക്കുന്നതിന് ക്വിസുകൾ, ഉപന്യാസ മത്സരങ്ങൾ, ഡോക്കുമെന്ററി സ്ക്രീനിംഗുകൾ തുടങ്ങിയ സംവേദനാത്മക പരിപാടികൾ സംഘടിപ്പിച്ചു.<br>വിശാലമായ പ്രേക്ഷകരിലേയ്ക്ക് എത്തിച്ചേരുന്നതിനായി വെർച്വൽ എക്സിബിഷനുകൾ, ഓൺലൈൻ പ്രഭാഷണങ്ങൾ എന്നിവ ആവിഷ്കരിച്ചു.<br>ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് സ്വച്ച് സാഗർ സുരക്ഷിത് സാഗർ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിവിധ തീരപ്രദേശങ്ങളിലും, ബീച്ചുകളിലും ക്ലീനിംഗ് പ്രോഗ്രാമുകൾ കുസാറ്റ് സർവ്വകലാശാലയിലെ എൻ.എസ്.എസ് യൂണിറ്റ് നടത്തി വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്താൻ എൻ.എസ്.എസ്. എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | സാമൂഹിക നീതി വകുപ്പിന്റെ സഹകരണത്തോടെ ലൈഫ് ഈസ് ബ്യൂട്ടിഫുൾ പദ്ധതിക്ക് തുടർച്ചയായി എൻ.എസ്.എസ്. രൂപം കൊടുത്ത ലഹരി മുക്ത കർമ്മ സേനയായ ആസാദ് സേന വഴി ക്യാമ്പസിന്റെ കാവലാളാകുന്ന പദ്ധതിക്ക് രൂപം കൊടുക്കാൻ പദ്ധതിയുണ്ട്. എൻ.എസ്.എസ്. ക്യാമ്പുകളുടെ പ്രത്യേക തീം ആയി ഈ വിഷയം എടുത്തുകൊണ്ട് ക്യാമ്പസ്സുകളെ ലഹരി മുക്തം ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.<br><br>എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ വിമുക്തി പദ്ധതിയുമായി ചേർന്ന് വിദ്യാർത്ഥികൾക്കിടയിൽ ഡിബേറ്റ്, ക്വിസ് മത്സരങ്ങൾ, ഫ്ലാഷ്മോബ്, സെമിനാറുകൾ, വർക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചു.<br><br>ലൈഫ് ഈസ് ബ്യൂട്ടിഫുൾ എന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് 1000 കേന്ദ്രങ്ങളിൽ എൻ.എസ്.എസ്. ജനജാഗ്രതാ സദസ്സുകൾ സംഘടിപ്പിച്ചു.<br><br>തീരദേശമേഖലയിലും ട്രൈബൽ മേഖലയിലും ക്യാമ്പസ് കമ്മ്യൂണിറ്റി പരിപാടി സംഘടിപ്പിച്ചു.<br><br>എൻ.എസ്.എസ് ന്റെ പ്രത്യേക ലഹരി വിരുദ്ധ കർമ്മസേനയായ ആസാദ് സേനയുടെ (ASAAD-AGENTS FOR SOCIAL AWARENESS AGAINST DRUGS) നേതൃത്വത്തിൽ സംസ്ഥാനത്ത് എല്ലാ പങ്കാളിത്ത ഗ്രാമങ്ങളിലും ക്യാമ്പസുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണ-പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 3500 ആസാദ് സേനകൾക്കും പരിശീലനം നൽകാൻ സംസ്ഥാനതല എൻ.എസ്.എസ്. TOT (Training of Trainers) ഗ്രൂപ്പിനെ കണ്ടെത്തി സാമൂഹിക നീതി വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനതല പരിശീലനം നടത്തി<br><br>വരുന്ന അക്കാദമിക് വർഷത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നാഷണൽ സർവ്വീസ് സ്കീം കൂടുതൽ ഊന്നൽ നൽകുന്നതായിരിക്കും. എൻ.എസ്.എസിന്റെ 120 മണിക്കൂർ റഗുലർ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടും എൻ.എസ്.എസ്-ന്റെ സ്പെഷ്യൽ ക്യാമ്പുകൾ നടത്തുന്നിടത്ത് ക്യാമ്പിന്റെ പ്രത്യേക തീം ആയും പ്രധാനപ്പെട്ട പ്രോജക്ട് ആയും ഈ വിഷയത്തിന് പ്രാധാന്യം നൽകികൊണ്ട് ക്യാമ്പസുകളെ ലഹരിമുക്ത ക്യാമ്പസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ